"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് – മെഡിക്കൽ വിദ്യാഭ്യാസം – ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജനായ ഡോ.സുമി.എസ് - ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യകുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.2552/2023/H&FWD തീയതി,തിരുവനന്തപുരം, 04-10-2023

---

പരാമർശം:- 1) ഡോ.സുമി.എസ് - ന്റെ 01/08/2023 – ലെ അപേക്ഷ

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04/09/2023 – ലെ ഇ.എ6/15748/2023/ആ.വ.ഡ നമ്പർ നിരാക്ഷേപപത്രം

3) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08/09/2023 – തീയതിയിലെ എഫ്6/4943/2023/മെ.വി.വ നമ്പർ കത്ത്

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25/09/2023 – ലെ ഇ.എ2-30/2023/ഡിഎച്ച്എസ് നമ്പർ ഉത്തരവ്

5) ഡോ.സുമി.എസ് - ന്റെ 29/09/2023 – ലെ നിവേദനം

**ഉത്തരവ്**

ആരോഗ്യ വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി നിലവിൽ ജോലി ചെയ്തു വരുന്ന ഡോ.സുമി.എസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാരിക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ എതിർപ്പില്ലെന്നറിയിച്ച് കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ടിയാരിക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ അനുകൂലമായ ശുപാർശയും നൽകിയിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി നിലവിൽ ജോലി ചെയ്തു വരുന്ന ഡോ.സുമി.എസ് - ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തികയിലേക്ക്, പി.എസ്.സി നിയമനം നടക്കുന്നത് വരെയോ അല്ലെങ്കിൽ ഒരു വർഷത്തേക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ ഡെപ്യൂട്ടേഷൻ നിയമനം സംബന്ധിച്ച് നിലവിലുള്ള

വ്യവസ്ഥകൾക്ക് വിധേയമായി, ഡെപ്യൂട്ടേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അനുമതിയില്ലാതെ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നത് കെ.എസ്.ആർ ഭാഗം 1 ചട്ടം 140(C) 3) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ അനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല- പ്രാബല്യത്തോടെ ക്രമീകരിച്ച് നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ച് കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവാകാത്ത പക്ഷം അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.സുമി.എസ് - നെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SALINI O G

ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം

ഡോ.സുമി.എസ്, അസിസ്റ്റന്റ് സർജൻ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം

സൂപ്രണ്ട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം - 679586

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 04-10-2023 15:03:17

പകർപ്പ്: - ആരോഗ്യ-വനിത-ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

I/90055/2023

<u>മേലെഴുത്തു നം .ഇഎ6- 7142/2023 ആവഡ. തിയതി . 04.10.2023</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**Signed by Beena.k.b**
**Date: 04-10-2023 16:32:43**
**Reason: Approved**

ആരോഗ്യവകുപ്പ് ഡയക്ടർക്കു വേണ്ടി